# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ ഐ.ഡി.കെ.പി.3/1791/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 24/02/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, (ജനറൽ) ഇടുക്കി

നമ്പർ: കെ.എസ്.എ ഐ.ഡി.കെ.പി.3/1791/22 തീയ്യതി: 24/02/2023

## ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2022 മുതൽ 27-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ . സാബു സി. ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 28-11-2022 | 03-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-11-2022 | 03-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ. മേജോ കെ. ജോർജ്ജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ അലി കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസ് സ്കറിയ കണ്ണമുണ്ടയിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ജോഷി ജോസഫ് | സെക്രട്ടറി | 01-04-2021 | 11-05-2021 |
| ശ്രീ ധനേഷ് ബി | സെക്രട്ടറി | 12-05-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജാസ്മിൻ സി.എ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ ദിലീപ് കെ.എം | പട്ടിക ജാതി വികസന ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ സുനീഷ് പി.വൈ | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി സിജി സൂസൻ ജോർജ്ജ് | കൃഷി അസി.ഡയറക്ടർ | 01-04-2021 | 30-07-2021 |
| ശ്രീ ഗോവിന്ദരാജ് എം | കൃഷി അസി.ഡയറക്ടർ | 01-08-2021 | 01-10-2021 |
| ശ്രീമതി സിന്ദു പി.ആർ | കൃഷി അസി.ഡയറക്ടർ | 02-10-2021 | 31-03-2022 |
| ഡോ. ഷേർളി മാത്യൂ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., വണ്ടൻമേട് | 01-04-2021 | 03-05-2021 |
| ഡോ. ഷിനു നൈനാൻ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി.,വണ്ടൻമേട് | 04-05-2021 | 06-09-2021 |
| ഡോ. ബിനു കെ ജോൺ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., വണ്ടൻമേട് | 10-09-2021 | 31-03-2022 |
| ഡോ. കെ. ഇ. സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., ഉപ്പുതറ | 01-04-2021 | 31-03-2022 |
| ശ്രീമതി. രമ പി.കെ. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഉഷാനന്ദൻ കെ.എം. | അസി.എക്സി.എഞ്ചിനിയർ | 01-04-2021 | 06-10-2021 |
| ശ്രീ. ജയദാസ് ഡി. | അസി.എക്സി.എഞ്ചിനിയർ | 07-10-2021 | 11-11-2021 |
| ശ്രീ. ഉഷാനന്ദൻ കെ.എം. | അസി.എക്സി.എഞ്ചിനിയർ | 12-11-2021 | 31-03-2022 |
| ശ്രീ. ജോസഫ് തോമസ് | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 62ശതമാനം മാത്രം. 21.77 ലക്ഷം ലാപ്സായി. | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പെൻഷനുകൾ | 1-6 |
| 8 | കാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വാർഷിക കണക്കുകളുടെ അപാകത | 1-9 |
| 11 | സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-10 |
| 12 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-11 |
| 13 | വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് ചെല്ലാർ കോവിൽ ഇക്കോ ടൂറിസം പദ്ധതിക്ക് കുടിവെള്ള സൗകര്യം-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കരാറുകാരൻ തുടർ പ്രവൃത്തികൾ ചെയ്തിട്ടില്ല | 1-12 |
| 14 | കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ ചുറ്റുമതിൽ- പൊളിച്ചെടുത്ത കരിങ്കല്ല് മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല | 1-13 |
| 15 | അഴകത്തുപടി ജലസേചനകുളം നവീകരണം-പൊളിച്ചെടുത്ത സാധന സാമഗ്രികൾ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല | 1-14 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 6 | ഓഡിറ്റ് റിക്കവറി | 4-7 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

തൻ വർഷത്തെ ബജറ്റ് 18.02.2021 -ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് 1(1) നമ്പർ തീരുമാനപ്രകാരം പാസാക്കിയിട്ടുണ്ട്. ₹443597000/- വരവും, ₹441815000/- ചെലവും, ₹1782000 /-, നീക്കിയിരിപ്പും പ്രതീക്ഷിച്ചിരുന്ന ബജറ്റ് ആണ് അവതരിപ്പിച്ചത് .

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 25.06.2022 |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് /ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 22073332 | 22073332 | 21603272 | 470060 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13076533 | 13076533 | 10930978 | 2145555 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3585314 | 3585314 | 3054000 | 531314 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 5355528 | 5355528 | 5355528 | 0 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 14863427 | 14863427 | 6913548 | 7949879 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 12119777 | 12119777 | 7517879 | 4601898 | |

#### 1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 62ശതമാനം മാത്രം. 21.77 ലക്ഷം ലാപ്സായി.

2020-21 ലെ ക്യാരി ഓവർ തുക ₹83186/-, വോട്ടിംഗ് മെഷീനായി 2020-21 ൽ സ്രോതസിൽ നിന്നും കുറവ് ചെയ്ത ₹87591/- എന്നിവ ഉൾപ്പടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹12119777/- ൽ 2021-22 സാമ്പത്തിക വർഷം ₹7517879/- മാത്രമാണ് ചെലവഴിച്ചിത്. അനുവദിച്ച ഫണ്ടിന്റെ കേവലം 62 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2177942/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ്₹ | ചെലവ് ശതമാനം ₹ | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 12119777 | 7517879 | 4601898 | 62.03 | 2423955.4 | 2177942.6 |

### 1-4 പദ്ധതി അവലോകനം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 115 | 84897126 | 101 | 56831383 | 14 | 87.82 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 22124663 | 21603272 | 97.64 |
| | പട്ടിക ജാതി വിഭാഗം | 14541383 | 10930978 | 75.17 |
| | പട്ടിക വർഗ്ഗ വിഭാഗം | 4116627 | 3054000 | 74.18 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21313415 | 12493504 | 58.61 |
| തനത് ഫണ്ട് | | 909337 | 543078 | 59.72 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 1300000 | 0 | 0 |
| മെയിന്റനൻസ് റോഡിതരം | | 12036591 | 7517879 | 62.45 |

| | | | |
|---|---|---|---|
| മറ്റിനം | 111110 | 0 | 0 |
| മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം | 1285000 | 0 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2799000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4360000 | 688672 | 15.79 |
| ആകെ | 84897126 | 56831383 | 66.94 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 4 | 2170000 | 4 | 2148764 | 99.02 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 16 | 20425009 | 17 | 12556942 | 61.47 |
| പട്ടിക ജാതി വികസന ഓഫീസർ | 6 | 4135383 | 6 | 3567287 | 86.26 |
| മെഡിക്കൽ ഓഫീസർ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 15 | 8571800 | 15 | 8334568 | 97.23 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ | 4 | 2170897 | 4 | 1502782 | 69.22 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 900000 | 2 | 884428 | 98.26 |
| സീനിയർ വെറ്ററിനറി സർജൻ /അസിസ്റ്റന്റ് ഡയറക്ടർ /ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 4 | 4627591 | 3 | 4540000 | 98.1 |
| അസിസ്റ്റന്റ് എൻജിനീയർ | 60 | 36402446 | 46 | 22916562 | 62.95 |
| അസി.എക്സി.എഞ്ചിനിയർ | 4 | 5494000 | 2 | 380050 | 6.91 |
| ആകെ | 115 | 84897126 | 101 | 56831383 | 66.94 |

1-5 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-6 ക്ഷേമ പെൻഷനുകൾ

ഇല്ല

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2022-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

വിവിധ വരവുകളും ചെലവുകളും കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യുന്നില്ല. കൃത്യമായി വിശദീകരണം നൽകി രസീതുകൾ പോസ്റ്റ് ചെയ്യേണ്ടതാണ്. കിലയിൽ നിന്നും മറ്റും ലഭിച്ച പരിശീലന ഗ്രാന്റുകൾ പല ഹെഡുകളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുടെ കൂലിച്ചെലവ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നൽകിയ തുകകൾ മുൻകൂറായി അല്ല ബുക്ക് ചെയ്തത്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾക്ക് ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഫീസ് ഓർഡർ വഴി ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യേണ്ടതും പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ

മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരിക്കുന്ന രീതി ആരംഭിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം ഓരോ മാസത്തെയും വൗച്ചർ ലിസ്റ്റ് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽപ്പെടുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-9 വാർഷിക കണക്കുകളുടെ അപാകത

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിലെ അദർ റസീവബിൾസ് ( കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) Sale Of Tender Form ഇനത്തിൽ ₹3116/- ഡിമാന്റും വരവും രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3) ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹31425/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

4) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ RP34, ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5) ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

7) അഡ്വാൻസ് രജിസ്റ്റർ പ്രകാരം ₹842193/- നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രിക ബി.18 പ്രകാരം അദർ അഡ്വാൻസ് ഇനത്തിൽ ₹776720/- ഉം ആണ് വർഷാവസാന ബാലൻസ്. തുകകൾ പൊരുത്തപ്പെടുന്നില്ല.
8) വാർഷിക കണക്കിനൊപ്പം പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | മുൻകൂറായി നൽകിയ തുക | ലഭ്യമായ മരുന്നുകളുടെ | ലഭ്യമാകുവാനുള്ളത് (₹) | ബിൽ വിശദാംശങ്ങൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | (₹) | മൂല്യം (₹) | | | |
|---|---|---|---|---|---|
| മരുന്ന് വാങ്ങൽ സി.എച്ച്.സി വണ്ടൻമേട് (60/2022) | 300000 | 72974 | 227026 | 2110086301160079121 5/ 16.12.2021 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വണ്ടൻമേട് |
| കോവിഡ്-19 പ്രതിരോധം-വണ്ടൻമേട് സി.എച്ച്.സി യിലേയ്ക്ക് സാധനങ്ങൾ വാങ്ങൽ (85/2022) | 600000 | 0 | 600000 | 21100863011600176182/ 17.06.2021 | |
| വണ്ടൻമേട് സി.എച്ച്.സി സെക്കണ്ടറി പാലിയേറ്റീവ് പരിചരണം (50/2022) | 200000 | 197493 | 2507 | 21100863011601434164/ 24.03.2022 | |
| ഉപ്പുതറ സി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ (49/2022) | 300000 | 0 | 300000 | 21100863011600546010/ 22.10.2021 | മെഡിക്കൽ ഓഫീസർ- സി.എച്ച്.സി ഉപ്പുതറ |
| കോവിഡ്-19 പ്രതിരോധം-ഉപ്പുതറ സി.എച്ച്.സി യിലേയ്ക്ക് സാധനങ്ങൾ സാമഗ്രികൾ (84/2022) | 262250 | 74004 | 188246 | 21100863011600160651/ 29.06.2021 | |
| വണ്ടൻമേട് സി.എച്ച്.സി സെക്കണ്ടറി പാലിയേറ്റീവ് പരിചരണം (48/2022) | 200000 | 197493 | 2507 | 21100863011601434164/ 24.03.2022 | |

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ, ചുവടെ ചേർത്തിട്ടുള്ള തുകകളുടെ വിനിയോഗ വിവരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര് | തുക കൈമാറിയ ഗ്രാമപഞ്ചായത്ത് | തുക ₹ | ബിൽ വിവരങ്ങൾ |
|---|---|---|---|
| ലൈഫ് ഭവനപദ്ധതി എസ്.സി.പി (04/2022) | വണ്ടൻമേട് | 200000 | 21100863011600464652/29.09.2021 |
| | ചക്കുപള്ളം | 200000 | |
| ലൈഫ് ഭവനപദ്ധതി ടി.എസ്.പി (05/2022) | കാഞ്ചിയാർ | 100000 | 21100863011600464901/29.09.2021 |
| | അയ്യപ്പൻകോവിൽ | 100000 | 21100863011600819099/21.12.2021 |
| | വണ്ടൻമേട് | 94800 | |
| ലൈഫ് ഭവനപദ്ധതി (03/2022) | അയ്യപ്പൻകോവിൽ | 600000 | 21100863011600464439/29.09.2021 |
| | ചക്കുപള്ളം | 600000 | |
| | വണ്ടൻമേട് | 500000 | |
| | അയ്യപ്പൻകോവിൽ | 200000 | 21100863011600817546/29.09.2021 |
| ചക്കുപള്ളം ഗ്രാമപഞ്ചായത്ത് പ്രൈമറി പാലിയേറ്റീവ് കെയർ-ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ (128/2022) | ചക്കുപള്ളം | 300000 | 21100863011601093253/09.02.2022 |
| അഗതി ആശ്രയ പദ്ധതി-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (32/2022) | അയ്യപ്പൻകോവിൽ | 100000 | 21100863011601486948/26.03.2022 |
| വണ്ടൻമേട് ഗ്രാമപഞ്ചായത്ത് ക്രിമിറ്റേറിയം നിർമ്മാണം – ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ (127/2022) | വണ്ടൻമേട് | 1000000 | 21100863011601026976/28.01.2022 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (15/2022) | അയ്യപ്പൻകോവിൽ | 187500 | 21100863011600998846/24.01.2022 |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മുകളിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകകൾ കൈമാറുമ്പോൾ ഔദ്യോഗിക രസീത് ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-12 വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് ചെല്ലാർ കോവിൽ ഇക്കോ ടൂറിസം പദ്ധതിക്ക് കുടിവെള്ള സൗകര്യം-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കരാറുകാരൻ തുടർ പ്രവൃത്തികൾ ചെയ്തിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |

| | |
|---|---|
| പ്രോജക്ട് നം | 79/22 |
| പദ്ധതി അടങ്കൽ | ₹700000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. അനന്തു സന്തോഷ് |
| കരാർ നം. | 36/21.01.22 |
| അളവു ബുക്ക് | 36/21-22 |
| ബിൽ നം/തീയതി & തുക | 210086301190152531З/27.03.22; ₹145731/- |

കിണർ കുഴിക്കൽ, 800 മീ നീളത്തിൽ 50mm HDPE പൈപ്പ് സ്ഥാപിക്കൽ, 8HP ഡീസൽ എഞ്ചിൻ സ്ഥാപിക്കൽ എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. ഏറ്റവും കുറഞ്ഞ നിരക്കായ ₹601239/-ക്വോട്ട് ചെയ്ത ശ്രീ. അനന്തു സന്തോഷ് എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരുന്നത്. 21.01.2022 ൽ കരാർ ഒപ്പുവച്ച പദ്ധതിയുടെ പൂർത്തീകരണ കാലാവധി മൂന്ന് മാസമായിരുന്നു. കിണർ കുഴിക്കൽ പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പാർട്ട് ബില്ലിനത്തിൽ 27.3.2022-ൽ ₹145731/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന ജോലികൾ നാളിതുവരെയും നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.1/2.12.22) മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി പദ്ധതി യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ ചുറ്റുമതിൽ- പൊളിച്ചെടുത്ത കരിങ്കല്ല് മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 18/22 |
| അടങ്കൽ തുക | ₹750000/- |
| കരാറുകാരൻ | ശ്രീ. കെ.എ. ചെറിയാൻ |
| കരാർ നം | 15/24.8.21 |
| അളവുബുക്ക് | 15/21-22 |
| ബിൽ നം/തീയതി & തുക | 211008630119008З068/23.12.21, ₹747641/- |

കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ ചുറ്റുമതിൽ നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ രണ്ടാമത്തെ ഇനമായി ഉൾപ്പെടുത്തിയിരുന്നത് "Demolishing And Stacking Stone Rubble (15.9.2) എന്ന പ്രവൃത്തി ഇനമായിരുന്നു. അളവു ബുക്ക് പേജ് 2 പ്രകാരം 29.36$m^3$ കരിങ്കല്ല് പൊളിച്ചെടുത്ത് സ്റ്റാക്ക് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6.49$m^3$ കരിങ്കല്ല് ചുറ്റുമതിൽ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട് (അളവു ബുക്ക് പേജ് 5). എന്നാൽ അവശേഷിക്കുന്ന കരിങ്കല്ലിന്റെ മൂല്യ നിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾക്കായി ഗ്രാമ പഞ്ചായത്തിനു കൈമാറിയിട്ടുള്ളതായി കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/2.12.22) മറുപടി നൽകിയിട്ടില്ല. പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ കരിങ്കല്ലിന്റെ ലേല നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 അഴകത്തുപടി ജലസേചനകുളം നവീകരണം-പൊളിച്ചെടുത്ത സാധന സാമഗ്രികൾ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 97/22 |
| അടങ്കൽ തുക | ₹555555/- |

| | |
|---|---|
| കരാറുകാരൻ | ശ്രീ ബിന്റോ ബേബി |
| കരാർ നം | 28/23.12.21 |
| അളവുബുക്ക് | 28/21-22 |
| ബിൽ നം/തീയതി&തുക | 21100863011901525313/30.3.22 ; ₹195499/- |

അഴകത്തുപടി ജലസേചനകുളം നവീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ മൂന്നാമത്തെ ഇനമായി ഉൾപ്പെടുത്തിയിരുന്നത് "Demolishing And Stacking Stone Rubble(15.9.2) എന്ന പ്രവൃത്തി ഇനമായിരുന്നു. അളവു ബുക്ക് പേജ് 21 പ്രകാരം 5.4$m^3$ കരിങ്കല്ല് പൊളിച്ചെടുത്ത് സ്റ്റാക്ക് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ ഇനമായ Demolishing RCC Work (15.3) എന്ന പ്രവൃത്തിയിലൂടെ ലഭ്യമായ സ്റ്റീൽ കമ്പികളും സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അളവു ബുക്ക് പേജ് 21 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധന സാമഗ്രികളുടെ മൂല്യ നിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾക്കായി ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുള്ളതായി കാണുന്നില്ല. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/2.12.22) മറുപടി നൽകിയിട്ടില്ല. സാധന സാമഗ്രികളുടെ ലേല നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

### വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

#### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 ഓഡിറ്റ് സമയത്ത് പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

#### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ഇനം | തുക ₹ |
|---|---|---|
| 2021-22 | പി.എം.എ.വൈ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം | 4600186 |
| 2021-22 | ജില്ലാ പഞ്ചായത്ത് വിഹിതം (വണ്ടൻമേട് ഗ്രാമപഞ്ചായത്ത് ക്രിമിറ്റോറിയം) | 1000000 |

#### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

#### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

#### 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

#### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

#### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 31 മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ളം /ജലസേചന പദ്ധതി അധിക ചെലവുകൾ | തുടരുന്നു |
| 2003-04 | 3(11) | 2006-07 | 3.3, 5.1 | ഡെപ്പോസിറ്റ് വേലകൾ (KSEB, KWA, KAICO) പൂർത്തിയാക്കിയിട്ടില്ല | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കേണ്ട തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കേണ്ട തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2004-05 | 3-3 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2) /2009 തീ. 04.01.11 | 13343 | 0 | ഇല്ല | 0 | 0 | 0 | 0 | 13343 | - |
| 2 | 2004-05 | 3-8 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 4 | 2004-05 | 3-10 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 5 | 2004-05 | 3-13 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 6 | 2004-05 | 3-16 | ജോസഫ് അലക്സാണ്ടർ പീറ്റർ ബി.ഡി.ഒ | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 19829 | 0 | | 0 | 0 | 0 | 0 | 19829 | - |
| 7 | 2002-03 | 3-2 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1401 | 0 | | 0 | 0 | 0 | 0 | 1401 | - |
| 8 | 2002-03 | 3-3(1) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ.07.02.07 | 2706 | 0 | | 0 | 0 | 0 | 0 | 2706 | - |
| 9 | 2002-03 | 3-3(2) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1700 | 0 | | 0 | 0 | 0 | 0 | 1700 | - |
| 10 | 2000-01 | 16 | കര്യക്കോസ് ജോൺ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | LF.13262/ Spl.cell. (SC2)/2005 തീ.16.10.06 | 1498 | 0 | | 0 | 0 | 0 | 0 | 1498 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 11 | 2000-01 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.13262/ Spl.cell. (SC2)/2005 തീ. 16.10.06 | 13949 | 0 | | 0 | 0 | 0 | 0 | 13949 | - |
| 12 | 1999-2000 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 480 | 0 | | 0 | 0 | 0 | 0 | 480 | - |
| 13 | 1999-2000 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 1500 | 0 | | 0 | 0 | 0 | 0 | 1500 | - |
| 14 | 1999-2000 | 22 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 10093 | 0 | | 0 | 0 | 0 | 0 | 10093 | - |
| 15 | 1999-2000 | 23 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2434 | 0 | | 0 | 0 | 0 | 0 | 2434 | - |
| 16 | 1999-2000 | 24 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2068 | 0 | | 0 | 0 | 0 | 0 | 2068 | - |
| 17 | 1999-2000 | 25 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2637 | 0 | | 0 | 0 | 0 | 0 | 2637 | - |
| 18 | 1999-2000 | 26 | എം.റ്റി സോമൻ അസി. എഞ്ചിനിയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 5498 | 0 | | 0 | 0 | 0 | 0 | 5498 | - |
| 19 | 1998-99 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 160 | 0 | | 0 | 0 | 0 | 0 | 160 | - |
| 20 | 1998-99 | 20 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 630 | 0 | | 0 | 0 | 0 | 0 | 630 | - |
| 21 | 1998-99 | 21 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 165 | 0 | | 0 | 0 | 0 | 0 | 165 | - |
| 22 | 1998-99 | 22 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 708 | 0 | | 0 | 0 | 0 | 0 | 708 | - |
| 23 | 1998-99 | 24 | ജോർജ്ജ് ജോസഫ്, പ്രസിഡന്റ് | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 70 | 0 | | 0 | 0 | 0 | 0 | 70 | - |
| 24 | 1998-99 | 25 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 2127 | 0 | | 0 | 0 | 0 | 0 | 2127 | - |
| 25 | 1998-99 | 30 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11812 | 0 | | 0 | 0 | 0 | 0 | 11812 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 26 | 1998-99 | 31 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11458 | 0 | | 0 | 0 | 0 | 0 | 11458 | - |
| 27 | 1998-99 | 32 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 7350 | 0 | | 0 | 0 | 0 | 0 | 7350 | - |
| 28 | 1998-99 | 33 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11854 | 0 | | 0 | 0 | 0 | 0 | 11854 | - |
| 29 | 1998-99 | 35 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 36375 | 0 | | 0 | 0 | 0 | 0 | 36375 | - |
| 30 | 1998-99 | 36 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 4100 | 0 | | 0 | 0 | 0 | 0 | 4100 | - |
| 31 | 1998-99 | 37 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12425 | 0 | | 0 | 0 | 0 | 0 | 12425 | - |
| 32 | 1998-99 | 38 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12576 | 0 | | 0 | 0 | 0 | 0 | 12576 | - |
| 33 | 1998-99 | 39 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 13930 | 0 | | 0 | 0 | 0 | 0 | 13930 | - |
| 34 | 1998-99 | 40 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 10982 | 0 | | 0 | 0 | 0 | 0 | 10982 | - |
| 35 | 1998-99 | 41 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 8849 | 0 | | 0 | 0 | 0 | 0 | 8849 | - |
| 36 | 1998-99 | 42 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12392 | 0 | | 0 | 0 | 0 | 0 | 12392 | - |
| 37 | 1998-99 | 43 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 16770 | 0 | | 0 | 0 | 0 | 0 | 16770 | - |
| 38 | 1998-99 | 47 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 5000 | 0 | | 0 | 0 | 0 | 0 | 5000 | - |
| 39 | 1995-96 1996-97 | 48 | ജെ.വർഗ്ഗീസ്, മെമ്പർ എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ, മെമ്പർ കെ. പി. സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 3712 | 0 | | 0 | 0 | 0 | | 3712 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 40 | 1995-96<br>1996-97 | 22 | എം.പി.വർക്കി, മെമ്പർ<br>ആനി സ്റ്റീഫൻ മെമ്പർ,<br>കെ.പി.സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 248 | 0 | | 0 | 0 | 0 | 0 | 248 | - |
| 41 | 1995-96<br>1996-97 | 23 | - | LF.6755/ Spl.cell. (SC2)/2000 തീ.01.07.00 | 3000 | 0 | | 0 | 0 | 0 | 0 | 3000 | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹7808928/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹97730496/- |
| ആകെ | | ₹105539424/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹95388125/- |
| നീക്കിയിരിപ്പ് | | ₹10151299/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | | |
|---|---|---|---|
| 1995-96<br>1996-97 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 2 | 3-19, 3-22, |
| 1998-99 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 15 | 19,20, 21, 22, 23(1,2,3), 24, 25, 30, 31, 32, 33, 34, 35, 36, 37 |
| 1999-00 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 9 | 18, 19, 21, 22, 24, 25, 26, 27, 28 |
| 2000-01 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 2 | 16, 18 |

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 2 | 3-2, 3-3 |
| 2003-04 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 1 | 3-11 |
| 2004-05 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 4 | 3-3, 3-8, 3-13, 3-15 |
| 2010-11 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 3 | 3-4, 3-6, 3-7 |
| 2015-16 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 1 | 3-3 |
| 2018-19 | കെ.എസ്.എ ഐഡികെ/4/1219/അദാ.8/22 തീ.5.8.22 | 4 | 1-12, 1-14, 1-15, 1-16 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-4/284/2022 തി.09.05.2022 | 13 | 1-1 മുതൽ 1-13 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-4/285/2022 തി.10.05.2022 | 18 | 1-1 മുതൽ 1-18 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്